(ബി) ഇതുസംബന്ധിച്ച എല്ലാ നിയമോപദേശങ്ങളുടെയും പകർപ്പു ലഭ്യമാക്കുമോ :

(സി) ഹൈക്കോടതി സിംഗിൾ ബഞ്ചിലും, ഡിവിഷൻ ബഞ്ചിലും, സുപ്രീം കോടതിയിലും പ്രസ്തുത കേസിൽ സർക്കാരിനും, സർക്കാർ ഉദ്യോഗസ്ഥർക്കും വേണ്ടി ഹാജരായ അഡ്വക്കേറ്റുമാർ ആരൊക്കെയായിരുന്നു :

(ഡി) ഇവർക്ക് ഓരോരുത്തർക്കും സർക്കാർ ഖജനാവിൽ നിന്നും നല്കിയ ഫീസ്, ടി. എ., ഡി.എ. മറ്റു ചെലവുകൾ എന്നീ ഇനങ്ങളിൽ നല്കിയ തുകയുടെ വിശദാംശം എന്നിവ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന പോലീസ് ഡയറക്ടർ ജനറലിന്റെ പ്രൊപ്പോസൽ പ്രകാരമാണ് പ്രസ്തുത ഹൈക്കോടതി സിംഗിൾ ബഞ്ച് വിധിക്കെതിരെ അപ്പീൽ നൽകിയത്. കേസിന്റെ എല്ലാ വശങ്ങളും പരിഗണിക്കാതെയാണ് കേസന്വേഷണം സി.ബി.ഐ-യ്ക്ക് കൈമാറിയത് എന്ന് ടിയാന് ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഹൈക്കോടതി തീരുമാനത്തെ എതിർത്തത്. പ്രൊപ്പോസലുകളുടെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അടിയന്തര സ്വഭാവമുള്ളതിനാൽ പ്രോസിക്യൂഷൻ ഡയറക്ടർ ജനറലുമായി നടന്ന ചർച്ചയിൽ ലഭ്യമായ നിയമോപദേശ പ്രകാരമാണ് അപ്പീൽ നൽകിയത്.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്ത് നടന്ന എസ്.ഐ. ജോലി തട്ടിപ്പ് കേസ്

49(254) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ)സംസ്ഥാനത്ത് നടന്ന എസ്. ഐ. ജോലിതട്ടിപ്പ് കേസ് സംബന്ധിച്ച് എന്തൊക്കെ അന്വേഷണങ്ങളാണ് ഇതുവരെ നടത്തിയത് എന്ന് വിശദീകരിക്കുമോ :

(ബി) പ്രസ്തുത കേസ്സിൽ സംസ്ഥാന പോലീസ് വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥരോ പോലീസ് ഉദ്യോഗസ്ഥരുടെ അടുത്ത ബന്ധുക്കളോ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ :

**ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു സംബന്ധിച്ച് പി.എസ്.സി. വിജിലൻസ് വിഭാഗവും അന്വേഷണം നടത്തിയ മറ്റ് പോലീസ് ഉദ്യോഗസ്ഥരും വസ്തുത നിലപാടുകൾ സ്വീകരിച്ച് കൊണ്ടുള്ള റിപ്പോർട്ടുകൾ നല്കിയിരുന്നുവോ ;

(ഡി) സംസ്ഥാന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ആരോപണം ഉയർന്ന സാഹചര്യത്തിൽ ഈ കേസന്വേഷണം മറ്റേതെങ്കിലും സ്വതന്ത്ര ഏജൻസിയെ ഏല്പിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ : എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇരവിപുരം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1597/10-ആയി ഐ.പി.സി. 406, 409, 417, 420, 468, 201, 120 ബിr/w34, ITA 66 എന്നീ വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസ് കൊല്ലം ഡി.വൈ.എസ്.പി.ബി. കൃഷ്ണകുമാറിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘം അന്വേഷിച്ചുവരുന്നു.

(ബി) അന്വേഷണം തുടർന്നുവരുന്ന ഈ ഘട്ടത്തിൽ രണ്ടുപേർ ഉൾപ്പെട്ടിരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(സി) അന്വേഷണം പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇത്തരത്തിലൊരു നിഗമനത്തിലെത്തുന്നത് ഉചിതമായിരിക്കില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

പി.എസ്.സി. നിയമനങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം

50(255) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമനങ്ങളുമായി ബന്ധപ്പെട്ട് പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ ക്രമക്കേടും, തട്ടിപ്പും നടത്തിയതായി ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അവയുടെ അന്വേഷണം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

(ബി) പി.എസ്.സി. നിയമനത്തിനു തയ്യാറാക്കിയ ലിസ്റ്റുകളിലെ ക്രമക്കേട് സംബന്ധിച്ചോ, ആൾമാറാട്ടം നടത്തിയതു സംബന്ധിച്ചോ, നിയമനം നൽകാൻ കൈക്കൂലി ആവശ്യപ്പെട്ടതു സംബന്ധിച്ചോ കേസുകളുണ്ടോ ; വിശദ വിവരം നൽകുമോ ;

(സി) പി.എസ്.സി.-യുമായി ബന്ധമില്ലാത്ത നിയമനത്തട്ടിപ്പുകളെ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly